പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2331 — 08/05/2017 -ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി. ബുക്കിൽ ജനന തീയതി തിരുത്തുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. ബുക്കിൽ ജനന തീയതി തിരുത്തി നൽകുന്ന അധികാരി ആരാണ്; വ്യക്തമാക്കാമോ; | (എ) ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ |
| (ബി) ജനന തീയതി തിരുത്തി കിട്ടുന്നതിനായി എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (ബി) 1.ശരിയായും കൃത്യമായും പൂരിപ്പിച്ച അപേക്ഷ (അപേക്ഷാ ഫോറം www.keralapareekshabhavan.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്)<br>2. അപേക്ഷകന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച അസ്സൽ ജനന സർട്ടിഫിക്കറ്റും അതിന്റെ 3 പകർപ്പുകളും, ജനന സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തേണ്ടയാളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അവ സ്വീകരിക്കുന്നതല്ല.<br>3. അപേക്ഷകന്റെ പേരിൽ 500/-രൂപ ഒടുക്കിയ ചെലാൻ രസീത്(0202-01-102-92 other receipts) പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ 500/-രൂപ ഫീസടക്കുന്നതിനു പകരം ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.<br>4. ഒറിജിനൽ എസ്.എസ്.എൽ.സി ബുക്ക്/ കാർഡ്.<br>5.അപേക്ഷകന്റെ പേര് എസ്.എസ്.എൽ.സി ബുക്കിലും ജനന സർട്ടിഫിക്കറ്റിലും വ്യത്യസ്തമാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള One & Same Certificate.<br>6. എസ്.എസ്.എൽ.സി പരീക്ഷ പാസ്സായി 15 വർഷം കഴിഞ്ഞെങ്കിലോ സ്കൂൾ വിട്ടതിന് ശേഷം 15 വർഷം കഴിഞ്ഞെങ്കിലോ അപേക്ഷ സമർപ്പിക്കാൻ വന്ന കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള സർക്കാരിന്റെ ഉത്തരവ്. |

| | |
|---|---|
| (സി) 15 വർഷം കഴിഞ്ഞ ഒരു വ്യക്തി തന്റെ ജനന തീയതി തിരുത്തി കിട്ടുവാൻ അപേക്ഷ സർക്കാരിൽ സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യം വ്യക്തമാക്കാമോ; | (സി) എസ്.എസ്.എൽ.സി പരീക്ഷ പാസ്സായി/ സ്കൂൾ വിട്ടതിനു ശേഷം 15 വർഷം വരെ ജനനതീയതി തിരുത്തുന്നതിനുള്ള അധികാരം കെ.ഇ.ആർ ചട്ടം 6 ഖണ്ഡിക 3 പ്രകാരം പരീക്ഷാ ഭവനിൽ നിക്ഷിപ്തമാണ്. 15 വർഷത്തിനു ശേഷം ജനനത്തീയതി തിരുത്തുന്നതിന് അപേക്ഷ സമർപ്പിക്കാൻ ഉണ്ടായ കാലതാമസം മാപ്പാക്കുന്നതിനാണ് സർക്കാരിന്റെ പ്രത്യേക ഉത്തരവ് അപേക്ഷയോടൊപ്പം പരീക്ഷാ ഭവനിൽ ഹാജരാക്കേണ്ടതാണ്. |
| (ഡി) ജനന തീയതി തിരുത്തി കിട്ടുന്നതിന് 15 വർഷത്തിലധികമോ അതിൽ കുറവോ ആയിരുന്നാലും പരീക്ഷ ഭവനിൽ സമർപ്പിക്കേണ്ട രേഖകളിൽ മാറ്റമില്ല എന്നിരിക്കെ 15 വർഷം കഴിഞ്ഞു എന്ന ഒറ്റക്കാരണത്താൽ അവരുടെ ജനന തീയതി തിരുത്തി കിട്ടുന്നതിലുണ്ടാകുന്ന കാലതാമസവും അധിക ചിലവും ഒഴിവാക്കുന്നതിന് അപേക്ഷ നേരിട്ട് പരീക്ഷാഭവനിൽ തന്നെ നൽകി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) യും (ഇ) യും സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| (ഇ) സംസ്ഥാനത്തെ അങ്ങോളം ഇങ്ങോളമുള്ള ലക്ഷക്കണക്കിന് അപേക്ഷകർ ജനന തീയതി തിരുത്തി കിട്ടുന്നതിന് 15 വർഷം കഴിഞ്ഞു എന്ന കാരണത്താൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് മാറുന്നതിനായി ടി നടപടിക്രമം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ